പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 1338

08.02.2013 ൽ
മറുപടിയ്ക്ക്

## സംസ്ഥാനത്തുനിന്നും ഈ സീസണിൽ സംഭരിച്ച നെല്ലിന്റെ അളവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ് ;<br>ശ്രീ. സി.എഫ്.തോമസ് ;<br>ശ്രീ. തോമസ് ഉണ്ണിയാടൻ;<br>ശ്രീ. റ്റി.യു.കുരുവിള ; | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് നിന്നും ഈ സീസണിൽ സംഭരിച്ച ആകെ നെല്ലിന്റെ വിശദാംശം വ്യക്തമാക്കുമോ ; | എ) സംസ്ഥാനത്ത് നിന്നും ഈ സീസണിൽ (2012-13 ഒന്നാം സീസൺ) 1361308.61 ക്വിന്റൽ നെല്ലാണ് സപ്ലൈകോ സംഭരിച്ചത്. |
| ബി) സംഭരിച്ച നെല്ലിന്റെ വില മുഴുവൻ വിതരണം ചെയ്തിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ; | ബി) ഈ സീസണിൽ സംസ്ഥാനത്ത് നിന്നും സംഭരിച്ച നെല്ലിന്റെ വില മുഴുവൻ കർഷകർക്ക് നൽകി കഴിഞ്ഞിട്ടുണ്ട്. 1361308.61 ക്വിന്റൽ നെല്ലിന്റെ വിലയായ 231,42,24,637/- രൂപയിൽ 231,13,09,477/- രൂപ കർഷകരുടെ അക്കൗണ്ടിലേക്ക് നൽകി കഴിഞ്ഞു. കർഷകർ കൃത്യമായ വിവരങ്ങൾ നൽകാത്തതുമൂലം സൂക്ഷ്മ പരിശോധന പൂർത്തിയാക്കാൻ കഴിയാത്ത 15 പാഡി റസീറ്റ് ഷീറ്റുകൾക്ക് മാത്രമാണ് ഇനി പണം നൽകുവാനുള്ളത്. ഇപ്രകാരം 29,15,160 രൂപയാണ് ഇനി നൽകുവാനുള്ളത്. ഇതു കർഷകർ കൃത്യമായ വിവരങ്ങൾ നൽകുന്ന മുറയ്ക്ക് കൊടുത്തു തീർക്കുന്നതാണ്. |
| സി) നെല്ലിന്റെ സംഭരണ വില നൽകുന്നതിലെ കാലതാമസം കൊണ്ടാണ് സ്വകാര്യ വ്യക്തികൾക്ക് കർഷകർ നെല്ല് വിൽക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

Beena

സെക്ഷൻ ഓഫീസർ